# കേരള സർവകലാശാല

നം. പി.ആർ.150/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.സി.എ/ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ് പരീക്ഷകൾ മാറ്റി

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ആഗസ്റ്റ് 17-ന് തുടങ്ങാനിരുന്ന രണ്ടാം വർഷ ബി.സി.എ/ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ് പരീക്ഷകൾ മാറ്റിവെച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

### എസ്.സി വിഭാഗം സ്പോട്ട് അഡ്മിഷൻ

കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുളള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ഡിഗ്രി കോഴ്സുകളിലേക്ക് ഒഴിവുളള എസ്.സി സീറ്റുകളിലേക്ക് ആഗസ്റ്റ് 18-ന് പാളയം കേരള സർവകലാശാല സെനറ്റ് ഹാളിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തും. രാവിലെ ഒമ്പത് മണിമുതൽ 11 മണിവരെ സെനറ്റ് ഹാളിൽ ഹാജരാകുന്നവരുടെ റാങ്ക് അടിസ്ഥാനത്തിൽ സ്പോട്ട് അഡ്മിഷൻ നടത്തും. പട്ടികവർഗ്ഗ വിഭാഗക്കാരുടെ സ്പോട്ട് അഡ്മിഷനുശേഷം ഒഴിവുവരുന്ന സീറ്റുകൾ ആഗസ്റ്റ് 18-ന് എസ്.സി വിഭാഗത്തിൽപ്പെട്ടവർക്ക് (പട്ടിക ജാതി) നടത്തുന്ന സ്പോട്ട് അഡ്മിഷനിൽ നികത്തുന്നതാണ്. ആഗസ്റ്റ് 16 ഉച്ചയ്ക്ക് രണ്ട് മണിമുതലും ആഗസ്റ്റ് 17-നും 10 പുതിയ ഓപ്ഷനുകൾ ചേർക്കാൻ എസ്.സി വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രം (www.admissions.keralauniversity.ac.in) അവസരം നൽകും. ജാതി തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നും ഹാജരാക്കിയാൽ മാത്രമേ അഡ്മിഷൻ ലഭിക്കുകയുള്ളൂ. യോഗ്യത തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകളും നിർബന്ധമായും ഹാജരാക്കണം. അഡ്മിഷൻ ലഭിക്കുന്നവർ ഫീസ് (685 രൂപ മാത്രം) അന്നേ ദിവസം തന്നെ അടയ്ക്കണം. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ ഉറപ്പായതിനുശേഷമേ ടി.സി വാങ്ങുവാൻ പാടുള്ളു.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

### യു.ജി.സി റഗുലേഷൻ

ജൂലൈ അഞ്ചിന് പ്രാബല്യത്തിൽ വന്ന എം.ഫിൽ/പി.എച്ച്.ഡി ഡിഗ്രി അവാർഡിനുള്ള മാനദണ്ഡവും നടപടിക്രമങ്ങളും സംബന്ധിച്ചുള്ള യു.ജി.സി റഗുലേഷൻ കേരള സർവകലാശാല അംഗീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.research.keralauniversity.ac.in) റിസർച്ച് പോർട്ടലിൽ ലഭിക്കും.

### എം.എസ്‌സി ജിയോളജി ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ എം.എസ്‌സി ജിയോളജി (2014-16 ബാച്ച് - സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. അമൽ ദേവ് ജെ (രജി.നം 140502) ഒന്നാം റാങ്ക് നേടി.

## എം.എ വൈവ

കേരള സർവകലാശാല കാര്യവട്ടം ലിംഗ്വിസ്റ്റിക്സ് പഠനവകുപ്പിൽ ആഗസ്റ്റ് 23 രാവിലെ 10 മണിക്ക് നാലാം സെമസ്റ്റർ എം.എ വിദ്യാർത്ഥികളുടെ വൈവ നടത്തും.

## സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം കെമിസ്ട്രി പഠനവകുപ്പിൽ എം.എസ്സി കെമിസ്ട്രി കോഴ്സിന് എസ്.ടി വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. താൽപര്യമുള്ളവർ ആഗസ്റ്റ് 17 രാവിലെ 10.30–ന് ഹാജരാകണം. ഫോൺ. 0471–2308682.

കാര്യവട്ടം ഫിസിക്സ് പഠനവകുപ്പിൽ എം.എസ്സി (2016 അഡ്മിഷൻ) ഫിസിക്സ് പ്രവേശനത്തിന് ഒരു എസ്.ടി സീറ്റൊഴിവുണ്ട്. യോഗ്യരായവർ അസ്സൽ രേഖകൾ സഹിതം ആഗസ്റ്റ് 19 രാവിലെ 11 മണിക്കകം വകുപ്പിൽ ഹാജരാകണം.

കാര്യവട്ടം ബയോടെക്നോളജി പഠനവകുപ്പിൽ എം.എസ്സി ബയോടെക്നോളജി കോഴ്സിന് എസ്.ടി വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യരായവർ എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ആഗസ്റ്റ് 25 വൈകുന്നേരം നാല് മണിക്കകം വകുപ്പിൽ ഹാജകാരണം.

കാര്യവട്ടം ഗണിതശാസ്ത്ര പഠനവകുപ്പിൽ എസ്.സി/എസ്.ടി വിഭാഗത്തിൽ നാല് സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും 750/- രൂപ ഫീസുമായി ആഗസ്റ്റ് 19 രാവിലെ 10.30–ന് വകുപ്പിൽ ഹാജരാകണം.

## ബി.പി.എ (മൃദംഗം) ഫലം

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.പി.എ മൃദംഗം (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് – 2013–ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എച്ച്.എം പ്രാക്ടിക്കൽ

കേരള സർവകലാശാല ആറാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (2006 & 2011 സ്കീം), നാലാം സെമസ്റ്റർ (2014 സ്കീം) പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം ആഗസ്റ്റ് 26, 29 തീയതികളിൽ തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

ഒന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (2014, 2011 & 2006 സ്കീം) പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് 22–ന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ഫിൽ ഫിസിക്കൽ എഡ്യൂക്കേഷൻ പരീക്ഷ

കേരള സർവകലാശാല കാര്യവട്ടം എൽ.എൻ.സി.പി ആഗസ്റ്റിൽ നടത്തുന്ന എം.ഫിൽ ഫിസിക്കൽ എഡ്യൂക്കേഷൻ പരീക്ഷയ്ക്ക് പിഴകൂടാതെ ആഗസ്റ്റ് 22 (50 രൂപ പിഴയോടെ ആഗസ്റ്റ് 23, 250 രൂപ പിഴയോടെ ആഗസ്റ്റ് 25) വരെ അപേക്ഷിക്കാം.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
16.08.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**